(ബി) അവരുടെ അജ്ഞത മുതലെടുത്ത് പുറമേനിന്നുള്ളവർ ആദിവാസി സ്ത്രീകളെ വഞ്ചിതരാക്കുന്നതിന്റെ ഫലമായി ഉണ്ടാകുന്ന സാമൂഹ്യപ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കാൻ ബോധവത്ക്കരണ പരിപാടികൾ തുടങ്ങിയിട്ടുണ്ടോ;

(സി) എങ്കിൽ ബോധവത്ക്കരണ പ്രവർത്തനം എല്ലാ ആദിവാസി കോളനികളിലേക്കും വ്യാപിപ്പിക്കാൻവേണ്ട നടപടി സ്വീകരിക്കുമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) ഉണ്ട്.

(സി) വ്യാപിപ്പിക്കുന്നതാണ്.

19 (*49) വൈദ്യുതി ഉപഭോക്താക്കളുടെ സെക്യൂരിറ്റി തുക

ശ്രീ. എ.കെ. മണി :

ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വളരെ മുൻപ് വൈദ്യുതി കണക്ഷൻ എടുത്ത ഉപഭോക്താക്കളിൽ നിന്ന് പുതിയ നിരക്ക് കണക്കാക്കി സെക്യൂരിറ്റി തുക വാങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഭാവിയിൽ വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുമ്പോൾ ഇപ്രകാരം സെക്യൂരിറ്റി തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ;

(ഡി) വളരെ മുൻപ് വൈദ്യുതി കണക്ഷൻ എടുത്തിട്ടുള്ളവരെ സംബന്ധിക്കുന്നിടത്തോളം എത്ര തവണ നിരക്ക് വർദ്ധനവ് കൊണ്ടാണ് ഇപ്പോഴത്തെ നിരക്കിലെത്തിയിട്ടുള്ളത് എന്നത് കണക്കിലെടുത്ത് അത്രയും തവണയായി പുതിയ നിരക്കിലുള്ള സെക്യൂരിറ്റി അടയ്ക്കുവാൻ അവരെ അനുവദിക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്.ശർമ്മ):

(എ)&(ബി) നിലവിലുള്ള നിയമപ്രകാരം വൈദ്യുതി കണക്ഷൻ ലഭിക്കേണ്ട അപേക്ഷകൻ അയാളുടെ സർവ്വീസ് കണക്ഷനുള്ള എസ്റ്റിമേറ്റ് അംഗീകരിച്ചു കഴിഞ്ഞാൽ സെക്യൂരിറ്റി തുക ബോർഡിൽ അടയ്ക്കേണ്ടതുണ്ട്. എച്ച്.ടി. ഇ.എച്ച്.ടി ഉപഭോക്താക്കൾക്ക് അവരുടെ രണ്ടു മാസത്തെ വൈദ്യുതി ചാർജും, മറ്റു ഉപഭോക്താക്കൾക്ക് അവരുടെ മൂന്ന് മാസത്തെ വൈദ്യുതി ചാർജും ഏകദേശം കണക്കാക്കിയാണ് സെക്യൂരിറ്റി തുകയായി അടയ്ക്കേണ്ടത്. എന്നാൽ ഉപഭോക്താക്കളുടെ കണക്ടഡ് ലോഡിൽ ഭാവിയിൽ വർദ്ധനവുണ്ടാകുകയോ, അല്ലെങ്കിൽ താരീഫ് നിരക്ക് പരിഷ്ക്കരിക്കുകയോ ചെയ്യുന്ന അവസരത്തിൽ ഉപഭോക്താക്കളുടെ പ്രതിമാസ വൈദ്യുതി ചാർജിലും വർദ്ധ

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നവുണ്ടാകുന്നു. ഈ അവസരത്തിൽ ഉപഭോക്താവ് നേരത്തെ അടച്ചിട്ടുള്ള സെക്യൂരിറ്റി തുക നിയമപ്രകാരം അടയ്ക്കേണ്ടി വരുന്ന തുകയേക്കാൾ കുറവായിരിക്കും. ഈ അവലരത്തിൽ ഉപഭോക്താക്കൾ അവർ യഥാർത്ഥത്തിൽ അടയ്ക്കേണ്ടിയിരുന്ന തുകയിൽ വന്ന കുറവ് നികത്തുന്നതിനുവേണ്ടി അഡീഷണൽ സെക്യൂരിറ്റി തുകയായി ബാക്കി തുക അടയ്ക്കേണ്ടതായുണ്ട്.

(സി) താരീഫ് നിരക്ക് വർദ്ധിപ്പിക്കുമ്പോൾ സ്വാഭാവികമായി പ്രതിമാസ വൈദ്യുതി നിരക്ക് വർദ്ധിക്കുന്നതുകൊണ്ട് സെക്യൂരിറ്റി തുകയും വർദ്ധിക്കും.

(ഡി) ഇതിന് ഇപ്പോൾ വ്യവസ്ഥയില്ല. എന്നാൽ ഉപഭോക്താക്കൾക്ക് തവണ വ്യവസ്ഥ ആവശ്യമുണ്ടെങ്കിൽ അക്കാര്യം ബോർഡിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നാൽ പരിശോധിച്ച് ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

20 (*50) കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്ക് മുഖേനയുള്ള കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി നടപ്പാക്കി തുടങ്ങിയിട്ടുണ്ടോ എന്നു വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി പ്രകാരം കർഷകർക്ക് വായ്പ അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിപ്രകാരമുള്ള വായ്പയുടെ കാലാവധി എത്ര എന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ഇ) പദ്ധതി വ്യാപകമാക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ):

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പ്രൈമറി സംഘങ്ങൾ വഴി കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി നടപ്പിലാക്കുവാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു.

(ബി) കർഷകർക്ക് അവരുടെ കാർഷികാവശ്യങ്ങൾക്കുള്ള വിത്ത്, വളം, കീടനാശിനി, കാർഷികോപകരണങ്ങൾ മുതലായവ വാങ്ങുന്നതിനും മറ്റ് ഉല്പാദന ചെലവുകൾക്കും അവരവരുടെ കൈവശഭൂമിയുടെ അടിസ്ഥാനത്തിൽ വായ്പാ വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതിയാണിത്. പണം എപ്പോൾ വേണമെങ്കിലും പിൻവലിക്കുവാനും നിക്ഷേപിക്കുവാനുമുള്ള സൗകര്യം ഈ പദ്ധതി അനുസരിച്ച് കാർഡ് ഉടമയ്ക്ക് ലഭ്യമാകുമെന്നുള്ളതാണ് പ്രത്യേകത.

LIBRARY ARCHIVES Kerala Legislative Assembly